# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **5451**.

**27-03-2018 ൽ മറുപടിയ്ക്ക്**

## നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധ

**ചോദ്യം**

ശ്രീ.വി.ടി.ബൽറാം
,, അനിൽ അക്കര
,, ഹൈബി ഈഡൻ
,, എൽദോസ് പി. കുന്നപ്പിള്ളിൽ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷിയുടെ വ്യാപ്തി കഴിഞ്ഞ വർഷം എത്രമാത്രം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ ; | (എ) | 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടറിലായിരുന്ന നെൽകൃഷി, 2016-17 വർഷം ആയത് 171398 ഹെക്ടറായി. വിസ്തൃതിയിൽ കാണുന്ന ഗണ്യമായ കുറവ് രണ്ടാം വിള കാലത്തും തുടർന്നും ഈ നൂറ്റാണ്ടിന്റെ ഏറ്റവും രൂക്ഷമായ വരൾച്ച മൂലമായിരുന്നു. 50917.62 ഹെക്ടർ സ്ഥലത്തെ കൃഷി രൂക്ഷമായ വരൾച്ച മൂലം നാശം സംഭവിച്ചോ കൃഷി ഇറക്കാൻ കഴിയാതെയോ നഷ്ടപ്പെട്ടതിനാലാണ് വിസ്തൃതിയിലും ഉത്പാദനത്തിലും കുറവുണ്ടായത്. എന്നാൽ ഈ സാമ്പത്തിക വർഷം നെൽകൃഷിയുടെ വിസ്തൃതി 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | കൃഷിയുടെ വ്യാപ്തി വർദ്ധിപ്പിച്ചുവെങ്കിലും നെല്ല് ഉൽപാദനത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തെ ഏറ്റവും കുറഞ്ഞ ഉൽപാദനമാണ് 2016-17 വർഷം ഉണ്ടായത് എന്നത് വസ്തുതയാണോ; | (ബി) | 2016-17 വർഷം ഉണ്ടായ കഠിനമായ വരൾച്ചമൂലം കഴിഞ്ഞ അഞ്ചു വർഷത്തെ ഏറ്റവും കുറഞ്ഞ ഉല്പാദനമാണ് 2016-17 വർഷം ഉണ്ടായത് എന്നത് വസ്തുതയാണ്. |
| (സി) | എത്ര ശതമാനം കുറവാണ് 2016-17 ൽ ഉണ്ടായതെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ; | (സി) | 2015-16 വർഷത്തെ അപേക്ഷിച്ച് 20.53% കുറവ് 2016-17-ൽ ഉണ്ടായി. കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് ഈ നൂറ്റാണ്ടിലെ |

| | | | |
|---|---|---|---|
| | | | ഏറ്റവും കഠിനമായ വരൾച്ചമൂലം 2016-17 സാമ്പത്തിക വർഷം രണ്ടാം വിള കാലത്തും തുടർന്നും നെൽകൃഷി വിസ്തൃതിയിൽ ഗണ്യമായ കുറവ് ഉണ്ടായിരുന്നു. വിവിധ ജില്ലകളിലായി 36891.22 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയെങ്കിലും ഉണക്കു ബാധിച്ച് കൃഷി നഷ്ടപ്പെട്ടിരുന്നു. 36.4 ഹെക്ടർ സ്ഥലത്ത് ഞാറ്റടി തന്നെ ഉണങ്ങിപ്പോയിരുന്നു. ഇതിനുപുറമേ പാലക്കാട് ജില്ലയിൽ 13990 ഹെക്ടർ സ്ഥലത്ത് വിതയ്ക്കാൻ സാധിക്കാതെ പോകുകയും ചെയ്തു. ഇതിന്റെ ഫലമായാണ് കഴിഞ്ഞ സാമ്പത്തിക വർഷം നെല്ല് ഉല്പാദനത്തിൽ ഗണ്യമായ കുറവുണ്ടായത്. എന്നാൽ കൃഷി വകുപ്പിന്റെ ഇടപെടലിന്റെ ഫലമായി ഈ സാമ്പത്തിക വർഷത്തിൽ സ്ഥിതിയിൽ വലിയ മാറ്റമുണ്ടായിട്ടുണ്ട്.<br>കൃഷി വകുപ്പിന്റെ കണക്ക് അനുസരിച്ച് 2016-17 കാലഘട്ടത്തിനെക്കാൾ 49,051 ഹെക്ടർ സ്ഥലത്ത് ഈ സാമ്പത്തിക വർഷം നെൽകൃഷി ഇറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | നെൽകൃഷിയുടെ വിസ്തൃതി 13-ാം പഞ്ചവത്സര പദ്ധതികാലത്ത് വർദ്ധിപ്പിക്കുവാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | (ഡി) | തരിശുനില കൃഷി, കരനെൽ കൃഷി, സവിശേഷ ഇനം നെല്ലിന്റെ വ്യാപനം, ഗ്രൂപ്പ് ഫാമിങ് സമ്പ്രദായത്തിലൂടെയുള്ള കൃഷി എന്നിവയ്ക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. പ്രധാന ലക്ഷ്യം പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ അവസാനത്തോടെ നെൽ കൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടർ ആക്കുക എന്നതാണ്. പ്ലാൻ പദ്ധതിയിലെ വിടവുകൾ ആർ.കെ.വി.വൈ. യിലെ ഘടകങ്ങൾ ഉപയോഗപ്പെടുത്തി നടപ്പാക്കും.<br>നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം നടപ്പ് വർഷം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1) സുസ്ഥിര നെൽകൃഷി.<br>2) വികസന ഏജൻസികൾക്കുള്ള ഫണ്ട്.<br>3) പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം.<br>4) പാടശേഖരസമിതികളുടെ പ്രവർത്തന ചിലവിനായുള്ള പദ്ധതി.<br>5) കരനെൽകൃഷി വികസനം.<br>6) തരിശുനില കൃഷി. |

| | | | |
|---|---|---|---|
| | | | 7) ഒരുപ്പ് കൃഷി ഇരുപ്പ് കൃഷി.<br>8) പദ്ധതിയധിഷ്ഠിത ധനസഹായം.<br>9) നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം.<br>10) ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം.<br>11) റൈസ് മില്ലുകൾ സ്ഥാപിക്കൽ.<br>12) നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ).<br>13) കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ). |
| (ഇ) | നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തുമോ? | (ഇ) | നെല്ലിന്റെ ഉല്പാദനക്ഷമത ഉപയോഗിക്കുന്ന വിത്തിന്റെ ഗുണത്തെ ആശ്രയിച്ചിരിക്കുന്നു. അതു മണ്ണിനെയും കാലാവസ്ഥയെയും ആശ്രയിച്ച് പ്രകടിപ്പിക്കുന്നതാണ്. ഉല്പാദനോപാധികൾ കൃത്യമായും, സമയബന്ധിതമായും ഉപയോഗിക്കുകയും, കീടരോഗ ബാധ ഉണ്ടാകാതെയിരിക്കുകയും ചെയ്യുകയും, കാലാവസ്ഥ അനുകൂലമായിരിക്കുകയും, ജലലഭ്യത ഉറപ്പാക്കുകയും ചെയ്താൽ വിത്ത് അതിന്റെ പൂർണ്ണമായ ഉല്പാദനക്ഷമത നൽകും. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രീയമായ പരിചരണത്തിനായുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെയുള്ള ഘടകങ്ങൾ കാര്യമായി പ്രയോഗിക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടെ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ